**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1935** **20-01-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്കായി ആരംഭിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രവാസികൾക്കായി എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. പ്രവാസി പുനരധിവാസ പദ്ധതി (NDPREM) 2. നോർക്ക ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (ജി.സി.സി.) 3. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ് 4. പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് പദ്ധതി. 5. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം 6. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് 7. നൈപുണ്യ വികാസവും നൈപുണ്യ പുതുക്കൽ പരിശീലനവും 8. ഓൺലൈൻ ഡാറ്റാ ബേയ്സ് 9. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) 10. എമജൻസി റിപാട്രിയേഷൻ ഫണ്ട് 11. ലോക കേരള സഭ 12. സാന്ത്വന പദ്ധതി (ധനസഹായത്തിന് ഉണ്ടായിരുന്ന വരുമാന പരിധി ഒരു ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷം രൂപയായി ഉയർത്തി) 13. സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ 14. നോർക്ക റിക്രൂട്ട്മെന്റ് 15. നോർക്ക റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡ് 16. NRI ഇൻവെസ്റ്റ്മെന്റ് കമ്പനി 17. പ്രവാസി കേന്ദ്ര സഹകരണ സംഘം 18. വനിത എൻ.ആർ.കെ. സെൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ താഴെപ്പറയുന്നു:- 19. മുൻ സർക്കാരിന്റെ കാലത്ത് 500 രൂപ മുതൽ 1000 രൂപ വരെ ആയിരുന്ന പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാറ്റഗറി വ്യത്യാസം ഇല്ലാതെ 2000 രൂപ മുതൽ 4000 രൂപവരെയായി വർദ്ധിപ്പിച്ചു. 20. പ്രവാസി ക്ഷേമ നിധി അംഗത്വത്തിന് സുതാര്യമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. 21. കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ |

| | | | |
|---|---|---|---|
| | | | കൈപ്പറ്റുന്നവർക്കെല്ലാം 1000 രൂപ ധനസഹായം നൽകി. കൂടാതെ ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 ബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000/- രൂപ വീതവും നൽകി വരുന്നു. 22. പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതിയായ 'പ്രവാസി ഡിവിഡന്റ് പദ്ധതി' ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി. |
| (ബി) | ഇതിൽ എത്ര പദ്ധതികളാണ് നാളിതുവരെ ആരംഭിച്ചിട്ടുള്ളത്; | (ബി) | മേൽപ്പറഞ്ഞ പദ്ധതികളെല്ലാം തന്നെ നടപ്പിലാക്കി വരുന്നവയാണ്. |
| (സി) | ഏതെങ്കിലും പദ്ധതികൾ ആരംഭിക്കാനുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ